## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5340

02.07.2013 ൽ മറുപടിക്ക്

# അക്ഷയ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എം.പി വിൻസെന്റ്. | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതിക വിദ്യയും വകുപ്പു മന്ത്രി) |
| (എ) അക്ഷയ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) ഒരു കുടുംബത്തിൽ ഒരാളെയെങ്കിലും കമ്പ്യൂട്ടർ സാക്ഷരരാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് മലപ്പുറം ജില്ലയിൽ അക്ഷയ പദ്ധതി പൈലറ്റ് പദ്ധതിയായി തുടക്കമിട്ടത്. കമ്പ്യൂട്ടർ ഐ.ടി സങ്കേതങ്ങളെ ജനങ്ങൾക്ക് പരിചയപ്പെടുത്തുക, ഇവ ഉപയോഗിക്കുന്നതിനുള്ള കേന്ദ്രങ്ങൾ ഓരോ ഗ്രാമത്തിലും സ്ഥാപിക്കുക, ആവശ്യമായ വിവരങ്ങളും സേവനങ്ങളും ജനങ്ങൾക്ക് ലഭ്യമാക്കുക, സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയും പുത്തൻ തൊഴിലവസരങ്ങളും നേരിട്ടും അല്ലാതെയും സൃഷ്ടിക്കുക എന്നതാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങൾ. |
| (ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ഏതെല്ലാം ഏജൻസി വഴിയാണ്. വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) അക്ഷയ സ്റ്റേറ്റ് പ്രോജക്ടിന് കീഴിൽ PPP അടിസ്ഥാനത്തിൽ തെരെഞ്ഞെടുക്കപ്പെട്ട രണ്ടായിരത്തോളം അക്ഷയ കേന്ദ്രങ്ങളിലെ സ്വകാര്യ സംരംഭകരാണ് അക്ഷയ പദ്ധതി നടപ്പിലാക്കുന്നത് |
| സി) എന്തെല്ലാം സേവനങ്ങളും നേട്ടങ്ങളുമാണ് പ്രസ്തുത പദ്ധതി വഴി നേടിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | സി) അക്ഷയ പദ്ധതിയിലൂടെ കേരളത്തിലെ 34 ലക്ഷം കുടുംബങ്ങളെ കമ്പ്യൂട്ടർ സാക്ഷരരാക്കി. അക്ഷയ സെന്ററുകളിലൂടെ ലഭ്യമായിട്ടുള്ള സേവനങ്ങളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | എന്തെല്ലാം പുരസ്ക്കാരങ്ങ ളാണ് പ്രസ്തുത പദ്ധതിക്ക് ലഭിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ഡി) | ഓസ്ട്രിയയിലെ ഗോൾഡൻ നിക്ക ഓഫ് പ്രിക്സ് ആർക്സ് ഇലക്ട്രോണിക്ക അവാർഡ് (ഡിജിറ്റൽ കമ്മ്യൂണിറ്റി വിഭാഗം), ഗ്രാന്റ് പ്രിക്സ് ഇലക്ട്രോണിക്സ് അവാർഡ്, ഐ ഫോർ ഡി അവാർഡ് 2007(സെന്റർ ഫോർ സയൻസ് ഡെവലപ്മെന്റ് ആന്റ് മീഡിയ സ്റ്റഡീസ്, ന്യൂഡൽഹി), ഡാറ്റാ കാസ്റ്റ് അവാർഡ്, മന്ഥൻ അവാർഡ് 2011 എന്നിവ അക്ഷയ പദ്ധതിക്ക് ലഭിച്ച പുരസ്കാരങ്ങളാണ് |
| (ഇ) | പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്? | ഇ) | അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി സർക്കാർ സർക്കാരേതര സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് അവരുടെ സർവീസുകൾ സുതാര്യമായും സമയബന്ധിതമായും അക്ഷയ സെന്ററുകൾ വഴി പൊതുജനങ്ങൾക്കുപകാരപ്രദമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഫ്രീസ് സോഫ്റ്റ്‌വെയർ അക്ഷയകേന്ദ്രങ്ങളിൽ വ്യപകമാക്കുക വഴി കേരളത്തിലെ എല്ലാ വകുപ്പുകളുടേയും ക്ഷേമനിധി ബോർഡുകളുടേയും പേയ്മെന്റ് ബില്ലുകൾ അക്ഷയ കേന്ദ്രങ്ങളിലൂടെ സ്വീകരിക്കാനാകുന്നതാണ്.. ഭാവിയിൽ എല്ലാ സർക്കാർ വകുപ്പുകളും കമ്പ്യൂട്ടർവത്ക്കരിക്കുകയും വിവിധ സർക്കാർ സേവനങ്ങൾ ഓൺലൈനാക്കുകയും ചെയ്യുന്നതിലൂടെ കൂടുതൽ സേവനങ്ങൾ സാധാരണക്കാരിലേയ്ക്ക് എത്തിക്കാൻ സാധിക്കും.<br>ആധാർ അധിഷ്ഠിത പേയ്മെന്റുകൾ വരുമ്പോൾ അക്ഷയ സെന്ററുകൾക്ക് മൈക്രോ എ.ടി.എം സൗകര്യം കൊടുക്കുന്നത് വഴി കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന സബ്സിഡി, പെൻഷൻ, സ്കോളർഷിപ്പ് തുടങ്ങിയ ആനുകൂല്യങ്ങൾ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീം മുഖേന അക്ഷയ സെന്ററുകളിലെ മൈക്രോ എ.ടി.എം വഴി ഓരോ പൗരനും നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

അക്ഷയ കേന്ദ്രങ്ങളിലൂടെ ലഭ്യമാക്കുന്ന സേവനങ്ങൾ

1. ആധാർ രജിസ്ട്രേഷൻ :- ഇതുവരെ 1.37 കോടി ആധാർ എൻറോൾമെന്റ് അക്ഷയയിലൂടെ നടത്തിയിട്ടുണ്ട്.
2. ഇ-ഗ്രാൻസ് (എസ്സ്.സി/എസ്.ടി/ഒ.ബി.സി/ഒ.ഇ.സി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്/ഗ്രാൻഡ് നൽകുന്നതിനുള്ള ഓൺലൈൻ രജി സ്ട്രേഷൻ/പുതുക്കൽ) :- ഇതുവരെ 4.5 ലക്ഷം രജിസ്ട്രേഷൻ/പുതുക്കൽ അക്ഷയയിലൂടെ നടത്തി.
3. ആബി (ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന 5 സെന്റിന് താഴെ ഭൂമിയുള്ള കുടുംബങ്ങൾക്കുള്ള ആം ആദ്മി ബീമാ യോജന) :- 1.5 ലക്ഷം കുടുംബങ്ങൾക്ക് ആബി രജിസ്ട്രേഷൻ അക്ഷയയിലൂടെ നടത്തി.
4. കെ.എൻ.ആർ.കെ (18 നും 55 നും മദ്ധ്യേ പ്രായമുള്ള വിദേശത്ത് ജോലി ചെയ്യുന്ന/ വിദേശത്ത് 2 വർഷമെങ്കിലും ജോലി ചെയ്ത ശേഷം തിരിച്ച് വന്ന് കേരളത്തിൽ സ്ഥിര താമസമാക്കിയ കേരളീയർക്ക് പ്രതിമാസ, ത്രൈമാസ, അർദ്ധ വാർഷിക, വാർഷിക തവണകളായി അംശാദായം അടയ്ക്കുന്നതിനുള്ള സൗകര്യം) :- ഇതുവരെ 15.49 കോടി രൂപയുടെ ഇടപാടുകൾ അക്ഷയയിലൂടെ നടത്തി.
5. ഇ-ഡിസ്ട്രിക്റ്റ് (ഓൺലൈൻ സർട്ടിഫിക്കറ്റുകളുടെ വിതരണം) :- ആദ്യ ഘട്ടത്തിൽ റവന്യൂ വകുപ്പിന്റെ കീഴിലുള്ള 23 തരം ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ അക്ഷയയിലൂടെ വിതരണം ചെയ്യുന്നു - ഇതുവരെ 26 ലക്ഷം സർട്ടിഫിക്കറ്റുകൾ അക്ഷയയിലൂടെ വിതരണം ചെയ്തു കഴിഞ്ഞു.
6. ചിയാക്ക് (രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജനയുടേയും സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടേയും അംഗത്വ രജിസ്ട്രേഷനും സ്മാർട്ട് കാർഡ് പുതുക്കലും) :- 2012 ൽ 34 ലക്ഷം പേർക്ക് ചിയാക്ക് രജിസ്ട്രേഷൻ അക്ഷയയിലൂടെ നടത്തി.
7. ഇ-പേ (ഇലക്ട്രിസിറ്റി, ടെലഫോൺ, വാട്ടർ അതോറിറ്റി ബില്ലുകൾ അടയ്ക്കുവാനുള്ള ഇ-പേ സൗകര്യം :– ഇതുവരെ 80 ലക്ഷം ഇടപാടുകൾ ഇ-പേയ്മെന്റിലൂടെ അക്ഷയ സംരംഭകർ നടത്തിയിട്ടുണ്ട്.
8. റേഷൻ കാർഡ് (പുതിയ റേഷൻ കാർഡിനും റേഷൻ കാർഡ് തിരുത്തൽ വരുത്തുന്നതിനുമുള്ള ഓൺലൈൻ അപേക്ഷ നൽകുന്നതിനുള്ള സൗകര്യം) : – ഇതുവരെ 8.98 ലക്ഷം ഓൺലൈൻ അപേക്ഷ അക്ഷയയിലൂടെ ലഭിച്ചു.
9. ഇ-ഫയലിംഗ് (വ്യാപാരികൾക്ക് മാസം തോറുമുള്ള വാറ്റ് റിട്ടേൺസ് ഫയൽ ചെയ്യുന്നതിനുള്ള സൗകര്യം) :– 11.3 ലക്ഷം ഇടപാടുകൾ ഇതുവരെ അക്ഷയയിലൂടെ നടന്നിട്ടുണ്ട്.
10. ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ (വ്യാപാരികൾക്ക് ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള ഓൺലൈൻ സൗകര്യം) : – 6000 ൽ പരം രജിസ്ട്രേഷൻ അക്ഷയയിലൂടെ നടത്തി.
11. റെയിൽ വേ ടിക്കറ്റുകൾ, വിമാന ടിക്കറ്റുകൾ എന്നിവ ഓൺലൈൻ ലഭ്യമാക്കുന്നതിനുള്ള സൗകര്യം
12. മണൽ പാസ്സ് (ആവശ്യക്കാർക്ക് മണൽ പാസ്സ് നൽകുന്നതിനുള്ള സൗകര്യം) : - ഇതുവരെ 4.24 ലക്ഷം പാസ്സുകൾ അക്ഷയയിലൂടെ നൽകി
13. സ്പാർക്ക് ട്രെയിനിംഗ് :- ഗവൺമെന്റ് ഓഫീസുകൾക്ക് അക്ഷയയുടെ മാസ്റ്റർ ട്രെയിനർമാരെ ഉപയോഗിച്ച് സ്പാർക്ക് ട്രെയിനിംഗ് നൽകി വരുന്നു.
14. കേരള എൻജിനീയറിംഗ് /മെഡിക്കൽ പ്രവേശന പരീക്ഷയുടെ അഡ്മിറ്റ് കാർഡുകൾ ഡൗൺലോഡ് ചെയ്ത് അപേക്ഷാർത്ഥികൾക്ക് പ്രിന്റൗട്ടിന്റെ കോപ്പി നൽകുന്നു.

15. മലയാളം കമ്പ്യൂട്ടിംഗ് അക്ഷയ സെന്ററുകളിലൂടെ നടപ്പിലാക്കുന്നു.

16. ഇഗ്നോ കോഴ്സുകൾ :- ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ എം.സി.എ, എം.കോം തുടങ്ങിയ മാസ്റ്റർ ബിരുദ കോഴ്സുകൾ, ബി.സി.എ, ബി.കോം തുടങ്ങിയ ബിരുദ കോഴ്സുകൾ, സി.എൽ.പി, സി.ഐ.ടി തുടങ്ങിയ സർട്ടിഫിക്കറ്റ് കോഴ്സുകൾ തുടങ്ങിയവ തെരെഞ്ഞെടുത്ത അക്ഷയ സെന്ററുകളിലൂടെ നടപ്പിലാക്കി വരുന്നു.

17. കെൽട്രോൺ മെഡിക്കൽ ട്രാൻസ്ക്രിപ്ഷൻ, ഡൊയാക്, സി-ഡിറ്റ് എന്നീ സ്ഥാപനങ്ങളുടെ കോഴ്സുകൾ അക്ഷയ സെന്ററുകൾ വഴി നൽകി വരുന്നു.

18. ഇന്റൽ ലേൺ 10 മുതൽ 18 വയസ്സു വരെയുള്ള കുട്ടികൾക്ക് വേണ്ടി തയ്യാറാക്കിയിട്ടുള്ള ഇന്റർ ആക്ടീവ് പഠന പദ്ധതിയായ ഇന്റൽ ലേൺ അക്ഷയ വഴി നടപ്പിലാക്കുന്നു. 1.13 ലക്ഷം കുട്ടികൾക്ക് ഇന്റൽ ലേൺ ട്രെയിനിംഗ് നൽകി.

19. ഇൻസൈറ്റ് : - കാഴ്ച വൈകല്യമുള്ളവർക്ക് വേണ്ടി പ്രത്യേക ഡിസൈൻ ചെയ്ത കമ്പ്യൂട്ടർ പഠന പദ്ധതിയായ ഇൻസൈറ്റ് അക്ഷയ വഴി നടപ്പിലാക്കുന്നു

20. കമ്പ്യൂട്ടർ സാക്ഷരത നേടിയവർക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹകരണത്തോടെ നൽകുന്ന തുടർപഠന പദ്ധതിയായ ഇ-വിദ്യ അക്ഷയ കേന്ദ്രങ്ങളിലൂടെ നടപ്പിലാക്കുന്നു.

21. മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് ഡിഗ്രി കോഴ്സിന് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും ഓപ്ഷൻ നൽകു ന്നതിനുമുള്ള സൗകര്യം അക്ഷയ കേന്ദ്രങ്ങളിലൂടെ ചെയ്തു വരുന്നു.

22. സംസ്ഥാനത്താകെ 1061 സി.ഡി.എസ്സു കളിലുൾപ്പെട്ട 5305 കുടുംബശ്രീ അംഗങ്ങൾക്ക് അക്ഷയ കേന്ദ്രങ്ങൾ വഴി പ്രാഥമിക കമ്പ്യൂട്ടർ പരിശീലനവും കുടുംബശ്രീയുടെ ശ്രീശക്തി പോർട്ടലിന്റെ ഉപയോഗവും സംബന്ധിച്ച് പരിശീലനം നൽകി.

23. കർഷകരുടെ ഡേറ്റാബേസ് :- കൃഷി വകുപ്പുമായി സംയോജിച്ച് കേരളത്തിലുള്ള കർഷകരുടെ ഓൺലൈൻ വിവരശേഖരണം അക്ഷയയിലൂടെ നടപ്പിലാക്കുന്നു. ഇതുവരെ 11 ലക്ഷത്തോളം കർഷകരുടെ ഡാറ്റാ എൻട്രി നടത്തിയിട്ടുണ്ട്.

24. പ്രീമെട്രിക്ക് സ്കോളർഷിപ്പ് ഫോർ എസ്. സി സ്റ്റുഡന്റ്- കേരളത്തിലുള്ള എസ്. സി വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക്ക് സ്കോളർഷിപ്പിന് വേണ്ടിയുള്ള ഡാറ്റാ എൻട്രി . ഇതുവരെ 85846 വിദ്യാർത്ഥികൾക്കുള്ള ഡാറ്റാ എൻട്രി അക്ഷയ കേന്ദ്രങ്ങളിലൂടെ നടത്തിയിട്ടുണ്ട്.

